സ്റ്റാണ് അവിടെ ആർഡർ കിട്ടിയതെന്നും അതുകൊണ്ട് ഒഴിവു കൊടുക്കാൻ സാധിച്ചില്ല എന്നും അറിയാൻ കഴിഞ്ഞു. അതുകൊണ്ട അവിടെ ആർഡർ ധിക്കരിച്ചതല്ല, അറിവു കിട്ടിയതു താമസിച്ചതുകൊണ്ടാണ അവധിയാക്കാതിരുന്നതു്.

ശ്രീ. എം. സദാശിവൻ : ഈ ദിവസം കേന്ദ്ര ഗവണ്മെൻറു അവധി പ്രഖ്യാപിക്കുകയും, സുപ്രീം കോടതി ഈ ദിവസമല്ലാതെ പിന്നൊരു ദിവസം അവധിയായി പ്രഖ്യാപിക്കുകയും ചെയ്തു. ഈ വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീമതി കെ. ആർ. ഗൗരി : നോട്ടീസു വേണം.

ശ്രീ. പി. കെ. കുഞ്ഞച്ചൻ : ലോകത്തിൽ മഹാന്മാരായിട്ടുള്ള ആളുകൾ ചരമം അടയുന്ന സന്ദർഭങ്ങളിൽ ഇൻഡ്യാ ഗവണ്മെൻറും സംസ്ഥാന ഗവണ്മെൻറും അവധി പ്രഖ്യാപിച്ചു കഴിഞ്ഞാൽപോലും ഒരു ഹൈക്കോടതിയുടെ ചീഫ് ജസ്റ്റീസിന്റെ അഭിപ്രായത്തെ ആശ്രയിച്ചു് ആ സ്ഥാപനത്തിലെ സ്റ്റാഫിനു അവധി കിട്ടുകയില്ല എന്നാണോ ഇതിൽനിന്നും മനസ്സിലാക്കേണ്ടതു്?

ശ്രീമതി കെ. ആർ. ഗൗരി : ഒരു രാഷ്ട്രത്തലവൻ എന്നുള്ള നിലയിലാണു് ഈ ഗവണ്മെൻറു് അവധി അനുവദിച്ചതു്. മുമ്പു രാഷ്ട്രത്തലവന്മാർ മരിച്ചിട്ടുള്ള സന്ദർഭങ്ങളിലെല്ലാം അടുത്ത ദിവസം ഒഴിവായിട്ടു് പ്രഖ്യാപിച്ചിട്ടുണ്ടെന്നാണു് ഇവിടത്തെ റിക്കാർഡുകളിൽനിന്നും കാണുന്നതു്. ഇപ്പോഴും മരിച്ചദിവസം തന്നെയാണു് അവധിയായി ഡിക്ലയർ ചെയ്തതു്. ഈ ദിവസം ഇൻഡ്യാ ഗവണ്മെൻറു് അവധി ദിവസമായിട്ടു് ഡിക്ലയർ ചെയ്തതായി ഗവണ്മെൻറിനറിവില്ല.

(ii) Written Answers

അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരുടെ നിയമനം

* 214. [741] ശ്രീ. പി. പി. ജോർജ്ജു് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂടുതൽ വിദ്യാർത്ഥികളുള്ള സ്കൂളുകളിൽ അസിസ്റ്റൻറു് ഹെഡ്മാസ്റ്റർമാരെ നിയമിക്കുവാൻ ഗവണ്മെൻറു ആലോചിക്കുന്നുണ്ടോ ;

(ബി) ഏതെങ്കിലും അദ്ധ്യാപകസംഘടനകളിൽ നിന്നു് ഇതു സംബന്ധമായി ഗവണ്മെൻറിനു നിവേദനം ലഭിച്ചിട്ടുണ്ടോ?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ) തൽക്കാലം ഇല്ല.

(ബി) ഉണ്ടു്.

ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ

* 215. [746] ശ്രീ. പി. എൻ. ചന്ദ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ നിർത്തലാക്കുന്നതിനു വല്ല പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നു മുതൽ അതു നടപ്പിലാക്കാനാണു ഉദ്ദേശിക്കുന്നതു്?

വിദ്യാഭ്യാസമന്ത്രി (ശ്രീ. സി. എച്ചു്. മുഹമ്മദുകോയ) :

(എ, ബി) കഴിഞ്ഞ രണ്ടു വർഷങ്ങളായി, പുതിയ ഇംഗ്ലീഷു് മീഡിയം ക്ലാസ്സുകൾ തുടങ്ങാൻ ഗവണ്മെൻറു് അനുവാദം നൽകിയിട്ടില്ല. ഇംഗ്ലീഷു് മീഡിയം

LIBRARY ARCHIVES Kerala Legislative Assembly